

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 7. അസ്വസ്ഥതയുടെ സാഹിത്യം

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ
(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## ഉള്ളടക്കം


7 അസ്വസ്ഥതയുടെ സാഹിത്യം . . . . . . . . . . . . . 1

1 അത്യാധുനികത . . . . . . . . . . . . 2

2 നിദാനം . . . . . . . . . . . . . . . . . 3

3 മലയാളത്തിന്റെ ദൗർബല്യം . . . . . 4

4 ഈ നിഷേധം നന്നല്ല . . . . . . . . . 5

5 ലക്ഷ്യമെന്ന തട്ടിപ്പ് . . . . . . . . . . 6

6 വിലയിടിഞ്ഞ മനുഷ്യത്വം . . . . . . 7

7 പുതിയ മാലിന്യങ്ങൾ . . . . . . . . . 8

8 അന്യഥാബോധം . . . . . . . . . . . 9

9 അസ്വസ്ഥതയുടെ ആവിഷ്ക്കരണം . . . 10

10 അനപേക്ഷണീയമായ സങ്കീർണ്ണത . 11

11 പഴയസങ്കൽപ്പങ്ങൾ വഴിമാറട്ടെ . . . 12

# 7

# അസ്വസ്ഥതയുടെ സാഹിത്യം

കേരളത്തിൽ, ഇൻഡ്യയിൽ, ലോകത്തിലൊട്ടുക്കും, ഒരു പുതിയ ഭൂതം തല പൊക്കിയിരിക്കുന്നു. അത്യാധുനികത! പ്രശസ്തി നേടിക്കഴിഞ്ഞ പുരോഗമനസാഹിത്യകാരന്മാരും, ആധികാരികമായ അഭിപ്രായപ്രകടനത്തിന് അർഹത സമ്പാദിച്ച സാഹിത്യനിരൂപകന്മാരും, അധികാരത്തിന്റെ കസേരകളിൽ കണ്ണുനട്ടിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാരും, മതവിശ്വാസികളായ സദാചാരപ്രസംഗക്കാരുമെല്ലാം ഈ പുതിയ ഭൂതത്തെ ആട്ടിപ്പായിക്കാൻ പാടുപെട്ടുകൊണ്ടിരിക്കുകയാണ്. അത്യാധുനികപ്രസ്ഥാനത്തെ തകർത്തു കുഴിച്ചിടാതെ കേരളത്തിനും മലയാളസാഹിത്യത്തിനും രക്ഷയില്ലെന്ന് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അവരുടെ ചാർജ്ജുഷീറ്റിന്റെ ചുരുക്കമിതാണ്:

# 1 അത്യാധുനികത

ആധുനികതയുടെ പേരിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതെല്ലാം വിദേശങ്ങളിൽനിന്ന്, കടംവാങ്ങിയ കള്ളനാണയങ്ങളാണ്, അനുകരണ ഭ്രാന്തിന്റെ വികൃതസൃഷ്ടികളാണ്; അവയ്ക്ക് കാലാത്മകമായ രൂപശില്പമില്ല, സാമൂഹ്യബോധവും ലക്ഷ്യബോധവുമില്ല, പാരമ്പര്യത്തിന്റെ വേരോട്ടമില്ല; അവ സാമൂഹ്യജീവിതത്തിലെ വർഗ്ഗസമരങ്ങളിൽനിന്ന് അന്തരാത്മാവിന്റെ നിഗൂഢതകളിലേയ്ക്കുള്ള ഒളിച്ചോട്ടമാണ്; അവ അഭിസംക്രമക്ഷമങ്ങളല്ല, ദുർഗ്രഹങ്ങളാണ്; ഊളമ്പാറയിലേയും കുതിരവട്ടത്തിലേയും അന്തേവാസികൾക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്നവയാണ്, ചുരുക്കത്തിൽ, അവ പിന്തിരിപ്പനാണ്; അധഃപതനസാഹിത്യമാണ്!

ഈ ആരോപണങ്ങൾക്ക് ക്ഷമയോടുകൂടി മറുപടി പറയാൻ മിനക്കെടാതെ അത്യാധുനികത ഗർജ്ജിക്കുന്നു:

> ഈ തന്തമാർ ഞങ്ങളുടേതല്ല; നാല്പത്തഞ്ചു വയസ്സിനുമീതെയുള്ളവരെയെല്ലാം വചനത്തിന്റെയും, സൃഷ്ടിയുടെയും ധൂർത്തുകൊണ്ട് വെടിവെച്ചുവീഴ്ത്തുക; പ്രപഞ്ചത്തിന്റെ മുഖത്ത് ബാലിശങ്ങളായ ചോദ്യങ്ങൾ വലിച്ചെറിയുക; എല്ലാ തെറ്റായ വഴികളും പിന്തുടരുക; അന്ധകാരത്തെ ബലാൽസംഗം ചെയ്യുക; പെൺമുതലകളുമായി സംഭോഗം സ്വപ്നം കാണുക; അയുക്തികമായതിനെ നിധിപോലെ കാക്കുക; അയഥാർത്ഥമായതിനെ പ്രാണൻ കൊടുത്തും സംരക്ഷിക്കുക; അസംബന്ധത്തിന് ഭാഷ്യം ചമയ്ക്കുക; പ്രകൃതത്തിലേക്കു കുതിക്കുക; തുടർച്ചയായി രാക്ഷസർക്കു പിറവി കൊടുക്കുക; വൈരൂപ്യത്തിന്റെ സൗന്ദര്യം ലോകത്തിന്റെ തുറുകണ്ണിലേയ്ക്കു വലിച്ചെറിയുക: കടൽക്കിഴവന്മാരും ശവംകാവൽക്കാരും നിരക്ഷരരും തമോജീഹ്വരും ഉദരപൂരണത്തിന്നായി അടക്കിഭരിക്കുക. കലാസാഹിത്യ ശാസ്ത്രപരിപാലന സംഘങ്ങളുടെയെല്ലാം സിരയ്ക്കകത്ത് തീ കൊളുത്തുക; എല്ലാ രാഷ്ട്രീയകക്ഷികളുടേയും രാഷ്ട്രീയ തത്വസംഹിതകളുടേയും നേതാക്കളുടേയും മേൽ വീണ് പൊട്ടിത്തെറിക്കുക; തിരഞ്ഞെടുപ്പുപ്രകടനപത്രികകളിലും നയപ്രഖ്യാപനപ്രസംഗങ്ങളിലും മലവിസർജ്ജനം നടത്തുക; ഭാരതത്തിന്റെ രാഷ്ട്രീയ പാരമ്പര്യം പാടേ തിരസ്കരിക്കുക; സൃഷ്ടിയുടെ മൗലികതയാൽ നിരൂപകരെ അന്ധരാക്കുക; കഫവും ശുക്ലവും കൊണ്ട് അഗ്നിപർവ്വതങ്ങളിൽ ജലപാതങ്ങൾ സൃഷ്ടിക്കുക…
>
> — (ജ്വാല. ഏപ്രിൽ, 1971)

# 2 നിദാനം

പഴമയുടെ പൊള്ളവികാരങ്ങളെ ആഴത്തിൽ കൊത്തി വ്രണപ്പെടുത്തുകയും, തങ്ങളെ ക്രൂശിക്കുന്ന സമൂഹത്തോടു പകപോക്കുകയും പൂർണ്ണമായി മുരടിച്ചു കഴിഞ്ഞിട്ടില്ലാത്ത മനഃസാക്ഷികളെ പിടിച്ചുകുലുക്കിയുണർത്തുകയും ചെയ്യുക എന്നതാണ് ഈ പുതിയ ധർമ്മോപദേശങ്ങളുടെ ഉദ്ദേശ്യമെന്നുതോന്നുന്നു. കാലഹരണപ്പെട്ട പഴയ മൂല്യങ്ങളെ മുറുക്കിപ്പിടിച്ചിരിക്കുന്ന പഴമക്കാരെ വിറളി പിടിപ്പിക്കാൻ ക്രൂരങ്ങളായ ഈ കുരമ്പുകൾ പ്രയോജനപ്പെട്ടേയ്ക്കാം. ജീവിതത്തിലെ സംഘട്ടനങ്ങളും, വിള്ളലുകളും, വേദനകളും, അസ്വാസ്ഥ്യങ്ങളും മൗലികങ്ങളായ പരിവർത്തനങ്ങളെ മാടിവിളിക്കുമ്പോൾ ഉറക്കംനടിച്ചു കിടക്കുന്ന സാമൂഹ്യരാഷ്ട്രീയസ്ഥാപനങ്ങളെ ഞെട്ടിപ്പിക്കാനും കിടിലം കൊള്ളിക്കാനും ഇത്തരം “ഷോക്ക്” പ്രയോഗങ്ങൾ ആവശ്യമായിരിക്കാം. അതുകൊണ്ടുതന്നെയാവണം തലമുതിർന്ന സാഹിത്യനിരൂപകന്മാരുടെ അസഹിഷ്ണുത നിറഞ്ഞ വിമർശനങ്ങളും രക്ഷാധികാരത്വത്തിന്റെ സ്വരം കലർന്ന തത്വോപദേശങ്ങളും പുച്ഛത്തോടെ തള്ളിക്കളയപ്പെടുന്നത്.

## 3 മലയാളത്തിന്റെ ദൗർബല്യം

ദിക്കാലങ്ങളെ കീഴടക്കിക്കൊണ്ടിരിക്കുന്ന സയൻസിന്റെ വായു ശ്വസിക്കുന്നവർ ഏതെങ്കിലുമൊരു സിദ്ധാന്തത്തെ മറുനാടൻചരക്കെന്നുപറഞ്ഞാക്ഷേപിക്കുകയും, അതു കേരളത്തിന്റെ മണ്ണിൽ മുളച്ചുപൊന്തുകയില്ലെന്ന് ഉറപ്പിച്ച് പറയുകയും ചെയ്യുന്നത് സൂക്ഷിച്ചുവേണം. ആധുനികയന്ത്രങ്ങളും ഭൗതികാവശ്യങ്ങൾക്കുള്ള ഉപഭോഗസാമഗ്രികളും കസ്റ്റംസ്ഡിപ്പാർട്ട്മെൻറിന്റെ അനുമതിയോടുകൂടിയോ കള്ളക്കടത്തുകൾവഴിയോ ഇഷ്ടം പോലെ ഇറക്കുമതി ചെയ്യാം. ആശയങ്ങൾക്കുമാത്രം പാസ്പോർട്ടും വിസയും വേണം—ഇതെന്തൊരു ചിന്താഗതിയാണ്? പ്ലേറ്റോവിനും അരിസ്റ്റോട്ടിലിനും കാൻറിനും ഹേഗലിനും ഷേക്സ്പിയർക്കും ടോൾസ്റ്റോയിക്കും മാർഷലിനും കെയിൻസിനും ചർച്ചിലിനും ഭ്ഗാളിനും വാതിൽ തുറന്നുകൊടുക്കാം: അതേ സമയത്ത് മാർക്സിനേയും ലെനിനേയും മാവോസേതുങ്ങിനെയും ചെഗുവാരയേയും, സാർത്രനേയും കാമ്യുവിനേയും തടഞ്ഞുനിർത്തുക. ഇത് നടപ്പുള്ള കാര്യമാണോ? ജ്ഞാനത്തേയും സംസ്കാരത്തേയും ഇരുട്ടറകളിലിട്ട് ശ്വാസം മുട്ടിച്ച് കൊല്ലാൻ കഴിയുമോ?

കേരളവും ഇന്ത്യയും പ്രാചീനകാലം മുതൽക്കുതന്നെ അന്യരാജ്യങ്ങളുമായി സമ്പർക്കം പുലർത്തിപ്പോന്നിട്ടുണ്ടെന്ന ചരിത്രസത്യം നമുക്കു മറക്കാതിരിക്കുക. കഴിഞ്ഞ കാലങ്ങളുടെ കഥ പോകട്ടെ, പത്തൊമ്പതാം നൂറ്റാണ്ടിലാരംഭിച്ച ആധുനികകാലത്തിന്റെ ചരിത്രമെങ്കിലും മറക്കാതെ കഴിച്ചുകൂടെ? അരാജകവാദിയായ ക്രോപാട്കിനുമായി നടത്തിയ കൂടിക്കാഴ്ചകൾക്കുശേഷം സ്വാമി വിവേകാനന്ദന്റെ ആദ്ധ്യാത്മകപ്രസംഗങ്ങളിൽ ധനികവർഗ്ഗക്കാർക്കെതിരായ അക്രമണങ്ങളും സോഷ്യലിസ്റ്റാശയങ്ങളും സ്ഥാനംപിടിച്ചതും അദ്ദേഹത്തിന്റെ ശിഷ്യാ, നിവേദിതാദേവി ഭീകരപ്രസ്ഥാനക്കാരായ അനുശീലൻ ഗ്രൂപ്പുകാരെ ക്രിയാത്മകമായി സഹായിച്ചതും നമുക്കറിയാം. രാഷ്ട്രീയ മേഖലയിൽ റൂസ്സോവും, വോൾട്ടയറും, മസ്സീനിയും, ഗാരിബാൾഡിയും, ലിങ്കനും, മാർക്സും നമുക്കു സുപരിചിതരായ വിദേശികളാണ്. സാഹിത്യത്തിന്റെ കാര്യമെടുക്കുക. ചന്തുമേനോനാണ് ഇംഗ്ലീഷ്നോവലുകൾ വായിച്ചാസ്വദിക്കുന്ന സ്വഭാവമില്ലായിരുന്നെങ്കിൽ നമുക്കൊരു ഇന്ദുലേഖയെ കിട്ടുമായിരുന്നുവോ എന്നു സംശയമാണ്. ആശാനിലും ഉള്ളൂരിലും വള്ളത്തോളിലും സംസ്കൃതസാഹിത്യത്തിന്റെ മാത്രമല്ല, ആംഗ്ലോസാഹിത്യത്തിന്റെയും സ്വാധീനമുണ്ടെന്നു കാണാം. പുരോഗമന സാഹിത്യത്തിലേയ്ക്കു കടന്നാലോ? മുപ്പതുകളിലെ എല്ലാ പുരോഗമനപ്രസ്ഥാനങ്ങൾക്കും ഉത്തേജനം നല്കിയ ഏ.ബാലകൃഷ്ണപിള്ള തന്റെ കസേരയിലൂടെ ചെക്കോനേയും, മോപ്പസാങ്ങിനേയും, ബാൽക്കിനേയും,ഇബ്സാനേയും മറ്റനവധി പുതിയ സാഹിത്യകാരന്മാരെയും നമുക്ക് പരിചയപ്പെടുത്തിതരികയും അവർ ചിലരുടെ പുസ്തകങ്ങൾ ഫ്രഞ്ചിൽനിന്ന് നേരിട്ട് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. അന്നത്തെ യുവസാഹിത്യകാരന്മാരിൽ പലരും മോപ്പസാങ്ങിനെയും, ഇബ്സനെയും, ഗോർക്കിയേയും റോളാണ്ടിനെയും മറ്റും അനുകരിച്ചുകൊണ്ട് ചിലപ്പോൾ കഥാപാത്രങ്ങളുടെയും കാലഘട്ടങ്ങളുടെയും പേരുകൾ മാത്രം കോറി കുറേയൊക്കെ ക്തൃതിമമാക്കിക്കൊണ്ടു മലയാളത്തിൽ കഥകളും നാടകങ്ങളുമെഴുതി. ഒർജിനാലിറ്റിയുടെ മുഖംമൂടി ധരിച്ചുകൊണ്ടുള്ള മോഷണങ്ങൾ അക്കാലത്തും നടന്നിട്ടുണ്ട്. പക്ഷേ, പൊതുവിൽ വിദേശികളുടെ വരവുകൊണ്ട് മലയാളസാഹിത്യത്തിനും കേരളസാഹിത്യത്തിനും ചേതത്തെക്കാളെറെ ലാഭമാണുണ്ടായിട്ടുള്ളത്. അന്നു വിദേശങ്ങളിൽനിന്നു കടം വാങ്ങിയവരും അനുകരണഭ്രാന്തിന്റെ ലഹരി ആസ്വാദിച്ചവരും പിന്നിട് മലയാളസാഹിത്യത്തിലെ മികവുറ്റ സുപ്രസിദ്ധസാഹിത്യകാരന്മാരായി മാറി. അതേ സാഹിത്യകാരന്മാർ ഇന്നു സാർത്രും കാമ്യൂവും, കാഫ്കയും, സാമുവെൽ ബെക്കറും, ബെർതോൾട്ട് ബ്രെഷ്തും, അയണസ്കോയും, ഗുന്തർഗ്രോസ്സും, ഫോക്നറും, പിൻററും, ലൂക്കാക്സും മറ്റും മലയാളത്തിലേയ്ക്ക് കാലുകുത്തുമ്പോൾ മുഖം കറുപ്പിക്കുകയും ശുണ്ഠിയെടുക്കുകയും ചെയ്യുന്നതെന്തിനാണ്? വാസ്തവത്തിൽ മറ്റു രാജ്യങ്ങളിലെ യുവാക്കൾക്കു പ്രചോദനം നല്കുന്ന ആധുനിക ചിന്തകളുടെ അതിപ്രസരമല്ല, അവ വേണ്ടത്ര പ്രചരിക്കുന്നില്ലെന്നുള്ളതാണ് മലയാളത്തിന്റെ ഇന്നത്തെ മുഖ്യമായ ഒരു ദൗർബ്ബല്യം.

## 4 ഈ നിഷേധം നന്നല്ല

സാഹിത്യ-കലാ-സാംസ്കാരികമണ്ഡലങ്ങളിൽ പൊന്തിവരുന്ന പുതിയ പുതിയ പ്രവണതകളെ നശിപ്പിക്കാൻ കഴിയുമെന്ന ധാരണതന്നെ മൗഢ്യമാണ്. 1930 നും 1940 ന മിടയിൽ ഉയർന്നുവന്ന വിമർശനങ്ങളും എതിർപ്പുകളും എത്ര നിർദ്ദയമായിരുന്നു! തകഴിയുടെയും കേശവദേവിന്റെയും ചെറുകഥകൾക്ക് അന്നത്തെ സുപ്രസിദ്ധ നിരൂപകന്മാരിൽനിന്ന് ‘തുപ്പൽകോളാമ്പിസാഹിത്യം’, ‘അഴുക്കുചാൽ സാഹിത്യം’ എന്നിങ്ങനെയുള്ള അവാർഡുകളാണ് ലഭിച്ചത്. അടുക്കളയിലും മറക്കുടയ്ക്കുള്ളിലും പൊതിഞ്ഞുവയ്ക്കപ്പെട്ട അന്തർജ്ജനങ്ങളോട് ശുദ്ധവായു ശ്വാസിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് “അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്” എന്നൊരു നാടകമെഴുതിയ വി.ടി ഭട്ടതിരിപ്പാട് യാഥാസ്ഥികത്വത്തിന്റെ രൂക്ഷമായ ഇരയായിത്തീർന്നു. പൗരോഹിത്യത്തിന്റെ പൊയ്മുഖങ്ങൾ പിച്ചിച്ചീന്താൻ ശ്രമിച്ച പൊൻകുന്നം വർക്കി ഏറെക്കുറെ, സമുദായഭ്രഷ്ടനായാണ് കാണക്കാക്കപ്പെട്ടത്. കവിതാപ്രസ്ഥാനത്തിൽ ഒരു കൊടുങ്കാറ്റായി വന്ന ചങ്ങമ്പുഴയെ നിലയ്ക്കു നിർത്താൻ ഹാസ്യസാമ്രാട്ടായ സഞ്ജയൻപോലും തന്റെ മൂർച്ചേറിയ തൂലിക ചലിപ്പിച്ചുനോക്കി. പിന്നീടു വന്ന ഒ.എൻ.വി, വയലാർ, ഭാസ്കരൻ, തുടങ്ങിയ കവികൾക്കും ആദ്യകാലത്തു ലഭിച്ച അംഗീകരണം ആശാവഹമായിരുന്നില്ല. ജീവൽസാഹിത്യപ്രസ്ഥാനത്തെ തന്റെ സ്വതഃസിദ്ധമായ ഭാഷയിൽ പാവൽസാഹിത്യമെന്നു വിളിച്ച സഞ്ജയൻ എന്റെ ‘പാട്ടബാക്കി’യുടെ പ്രഹരം തടയാൻ വേണ്ടി ‘സഖാവിന്റെ ബ്ലീച്ച്’ എന്നൊരു നാടകംതന്നെ എഴുതിയുണ്ടാക്കുകയും അത് തന്റെ സ്വന്തം നേതൃത്വത്തിൽ മലബാർ ക്രിസ്ത്യൻ കോളേജിലെ ചില കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഹാസ്യസാഹിത്യകൃതികളിൽ പലതും ഇന്നും ജീവിച്ചിരിക്കുന്നുണ്ട്. പക്ഷേ ആ ‘സഖാവിന്റെ ബ്ളീച്ച്’ എവിടെപ്പോയി?

അന്നത്തെ യുവസാഹിത്യകാരന്മാരുടെ ചില കൃതികളിൽ ‘കലാത്മകമായ രൂപശില്പം’ കുറവായിരുന്നു എന്നു സമ്മതിക്കുന്നു. നിഷേധാത്മകതയുടേയും അരാജകത്വത്തിൻറേയും പാരമ്പര്യനിഷേധത്തിന്റെയും പ്രകോപനപരങ്ങളായ പ്രവണതകളും അവരിൽ പലരിലുമുണ്ടായിരുന്നു. തൃശ്ശൂരിലെ ഒരു സാഹിത്യ സദസ്സിൽ ചങ്ങമ്പുഴ വായിച്ച ‘സാഹിത്യമുത്തശ്ശിമാരോടു’ എന്ന കവിത എനിക്കോർമ്മവരുന്നു. അന്നത്തെ യുവസാഹിത്യകാരന്മാരുടെ ചില പ്രസംഗങ്ങൾ രാമായണവും മഹാഭാരതവും ചുട്ടുകരിക്കാനുള്ള ആഹ്വാനംവരെയെത്തിയിരുന്നു. ഇന്നത്തെ ‘വിപ്ലവകാരി’കളായ ചില യുവാക്കന്മാർ വേദങ്ങൾ ചുട്ടുകരിക്കണമെന്നും ഈശ്വരനെ കുത്തിക്കൊല്ലണമെന്നും ഭാരതീയ പാരമ്പര്യത്തെയാകെ നിരാകരിക്കണമെന്നും മറ്റും ആക്രോശിക്കുന്നതുപോലെ. “മാതൃഭൂമി ആഫീസിലും അൽഅമീൻ ആഫീസിലുമിരുന്ന് കമ്പിവാർത്തകൾ തർജ്ജമചെയ്യുന്ന ഉപപത്രാധിപന്മാർ സാഹിത്യകാരന്മാരാണെങ്കിൽ, തുഞ്ചത്തെഴുത്തച്ഛനും ഒരു സാഹിത്യകാരൻതന്നെ” എന്ന് തലശ്ശേരി യുവജനസാഹിത്യസമ്മേളനത്തിൽവച്ച് യുവാക്കന്മാരായ ശ്രോതാക്കളുടെ കയ്യടികൾക്കിടയിൽ കേശവദേവ് പ്രഖ്യാപിച്ചത് എനിക്കിന്നും ഓർമ്മയുണ്ട്. ഞാൻതന്നെ ചെയ്ത ചില പ്രസംഗങ്ങളും എഴുതി പ്രസിദ്ധംചെയ്ത ചില പ്രബന്ധങ്ങളും എനിക്കോർമ്മവരുന്നു.

പക്ഷെ, എന്തൊക്കെത്തന്നെ പോരായ്മകളും കുറവുകളുമുണ്ടായിരുന്നാലും അന്നത്തെ യുവസാഹിത്യകാരന്മാരുടെ കൃതികൾ ചരിത്രപരമായ ഒരാവശ്യകതയായിരുന്നു; സമൂഹത്തിന്റെ പുരോഗതിയ്ക്കും മലയാളസാഹിത്യത്തിന്റെ വളർച്ചയ്ക്കും അവ ആവശ്യമായിരുന്നു. ഇന്നും ജീവിച്ചിരിക്കുന്ന അന്നത്തെ ആ യുവസാഹിത്യകാരന്മാർ തങ്ങളുടെ കൃതികൽ വഹിച്ച സാംസ്കാരികമായ പങ്കിനെപ്പറ്റി അഭിമാനം കൊള്ളുന്നുമുണ്ട്.

എന്നാൽ മുപ്പതുകളുടേയും നാല്പതുകളുടേയും നേട്ടങ്ങളെപ്പറ്റി ഊറ്റം കൊള്ളുന്നവർതന്നെ ഇരുപതുകളുടെ നേട്ടങ്ങളുടെ നേർക്ക് കണ്ണടയ്ക്കുന്നു. എന്താണിതിനു കാരണം? മുപ്പതുകൾക്കും നാൽപ്പതുകൾക്കും ശേഷം അമ്പതുകളും അറുപതുകളും അറുപതുകൾക്കു ശേഷം എഴുപതുകളും ഉണ്ടാകാൻ പാടില്ലെന്നാണോ?

## 5 ലക്ഷ്യമെന്ന തട്ടിപ്പ്

പുതിയ എഴുത്തുകാർക്ക് സാമൂഹ്യബോധവും ലക്ഷ്യബോധവുമില്ലെന്നാണൊരാക്ഷേപം. ആർക്കാണ് ലക്ഷ്യബോധവും സാമൂഹ്യബോധവുമുള്ളത്? ആളുകളെപ്പറ്റിച്ച് കള്ളപ്പണമുണ്ടാക്കി നൊടിയിടയ്ക്കുള്ളിൽ മാന്യതയുടെ മുകൾത്തട്ടിലേയ്ക്കുയരുന്നവർക്കോ? പാടത്തും ഫാക്ടറിയിലും പണിയെടുക്കുന്നവരെ ചൂഷണം ചെയ്ത് സ്വന്തം ബാങ്ക് അക്കൗണ്ടുകൾ പെരിപ്പിക്കുന്നവർക്കോ? അധികാരത്തിനുവേണ്ടി യുദ്ധംവെട്ടുകയും നുണ പറയുകയും ചെയ്യുന്ന രാഷ്ട്രീയനേതാക്കന്മാർക്കോ? ജനങ്ങളെ നുറുക്കിഞ്ഞെരിക്കുന്ന ഭരണയന്ത്രത്തിന്റെ ചക്രം തിരിച്ചുകൊണ്ട് സ്വന്തം പ്രമോഷനെപ്പറ്റിയും പെൻഷനെപ്പറ്റിയും സ്വപ്നകാണുന്ന ഉദ്യോഗസ്ഥമേധാവികൾക്കോ? സ്വകാര്യജീവിതത്തിലേയും കുടുംബജീവിതത്തിലേയും ബീഭത്സതകളെ മറച്ചുപിടിച്ചുകൊണ്ട് പുരപ്പുറത്തു കയറി സദാചാരപ്രസംഗങ്ങൾ നടത്തുന്നവർക്കോ? സാമൂഹ്യജീവിതത്തിലെ കുടിലതകളുടേയും മൃഗീയതകളുടെയും മുമ്പിൽ കണ്ണടച്ചുനിന്നുകൊണ്ട് ദൈവവിശ്വാസത്തിന്റെ ആവശ്യകതയെപ്പറ്റിയും മതത്തിന്റെ മഹാത്മ്യത്തെപ്പറ്റിയും ഉപദേശിക്കുന്നവർക്കോ? ആർക്കാണ് സാമൂഹ്യബോധവും ലക്ഷ്യബോധവുമുള്ളത്?

എന്താണ് ലക്ഷ്യം? ഏതു ലക്ഷ്യത്തെപ്പറ്റിയാണ് ബോധമുണ്ടാകേണ്ടത്? തൊഴിലും ശമ്പളവർദ്ധനവും, ബാങ്കുദേശസാല്ക്കരണം, പ്രിവിപേഴ്സ് നിർത്തലാക്കൽ, കർഷകത്തൊഴിലാളിയ്ക്ക് പത്തുസെൻറു ഭൂമികൊടുക്കൽ, പുതിയ പുതിയ വ്യവസായങ്ങൾ കെട്ടിപ്പടുക്കൽ എന്നിങ്ങനെയുള്ള പരിപാടികളുടെ പൂർത്തീകരണമാണോ? ഏതെങ്കിലുമൊരു രാഷ്ട്രീയപ്പാർട്ടിയെ അധികാരത്തിലേറ്റുകയും അധികാരത്തിലെത്തിയ പാർട്ടിയുടെ അധികാരം നിലനിർത്തുകയുമാണോ? ഇത്തരം ആവശ്യങ്ങളെ പദ്യത്തിലോ ഗദ്യത്തിലോ പകർത്തിവെയ്ക്കലാണോ സാഹിത്യകാരന്റെ ലക്ഷ്യം?

തല നരച്ചവരും നരയ്ക്കാൻ തുടങ്ങുന്നവരുമായ സാമൂഹ്യരാഷ്ട്രീയ നേതാക്കന്മാരും സാഹിത്യനായകന്മാരും ചോദിക്കുന്നു: ഞങ്ങൾ സ്വാതന്ത്ര്യസമരം നടത്തിയില്ലെ? അനീതികൾക്കും ചൂഷണങ്ങൾക്കുമെതിരായി പോരാടിയില്ലെ? കഷ്ടപ്പെട്ടില്ലെ? ജയിലിൽ പോയില്ലെ? ഞങ്ങൾ ഞങ്ങളുടെ നോവലുകളിൽ കരുത്തും ഓജസ്സുമുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചില്ലെ? ഞങ്ങൾ സാമൂഹ്യപുരോഗതിക്കാവശ്യമായ നാടകങ്ങൾ രചിച്ചില്ലെ? ജീവിതത്തിന് സൗന്ദര്യം പകർന്നുകൊടുത്ത കവിതകളെഴുതിയില്ലേ?

ഈ ചോദ്യങ്ങൾക്ക് ഇന്നത്തെ യുവാക്കന്മാർ നൽകുന്ന മറുപടി രണ്ടക്ഷരങ്ങളാണ്: പണ്ട്!

എന്നിട്ടൊരു മറുചോദ്യവും: ഇന്നോ?

# 6 വിലയിടിഞ്ഞ മനുഷ്യത്വം

സാമ്പത്തികക്കുഴപ്പത്തിന്റെ വൈകൃതങ്ങളോടും കൊളോണിയലിസത്തിന്റെ പിരിമുറുക്കത്തോടുംകൂടിയാണ് മുപ്പതുകൾ ആരംഭിച്ചത്. കൃഷിയുടേയും വ്യവസായങ്ങളുടേയും തകർച്ച, തൊഴിലില്ലായ്മ, പുതിയ രൂപത്തിലുള്ള ചൂഷണങ്ങളും മർദ്ദനങ്ങളും, ചരക്കുകളുടേയും പണത്തിന്റെയും വിലയിടിവ്... പണത്തിന്റെ വിലയിടിഞ്ഞപ്പോൾ മനുഷ്യന്റെയും വിലയിടിഞ്ഞു. ജീവിതത്തിന് അർത്ഥവും ലക്ഷ്യവുമില്ലെന്ന് തോന്നി. ദുസ്സഹമായ നിസ്സഹായതാബോധം ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടങ്ങൾക്കും ആത്മാഹത്യകൾക്കും പ്രചോദനം നൽകി. അതേ സമയത്തുതന്നെ, അത് എതിർപ്പുകളേയും പ്രതിഷേധങ്ങളെയും സമരങ്ങളെയും അഴിച്ചുവിട്ടു. ആയിരക്കണക്കിലുള്ള യുവാക്കന്മാർ ഉച്ചനീചത്വങ്ങളെ, ജാതിവ്യവസ്ഥയെ, അയിത്തത്തെ, അനാചാരങ്ങളെ, മതത്തെ. ഈശ്വരനെ, ബ്രിട്ടീഷു ഭരണത്തെ, പൊന്നുതിരുമേനിമാരെ, ജന്മികളെ, മുതലാളികളെ, നിലവിലുള്ള തത്വസംഹിതകളെ, ശാശ്വതങ്ങളെന്നു കരുതപ്പെട്ടിരുന്ന വിശ്വാസപ്രമാണങ്ങളെ രാഷ്ട്രീയ സാമൂഹിക സ്ഥാപനങ്ങളെ എല്ലാറ്റിനേയും വെല്ലുവിളിച്ച് എല്ലാറ്റിനുമെതിരായി, അവർ കലാപത്തിന്റെ കൊടിക്കൂറയുയർത്തി. തങ്ങളുടെ നേരെ അവർ മുഷ്ടിചുരുട്ടി കാർക്കിച്ചുതുപ്പി. സമരത്തിന്റെ തീച്ചൂളയിലേക്ക് അവർ തങ്ങളെത്തന്നെ എടുത്തെറിഞ്ഞു. ഈ എതിർപ്പുകളിലൂടെ, കലാപത്തിലൂടെ ആത്മാഹുതിയിലൂടെ അവർ ജീവിതത്തിന് പുതിയൊരു അർത്ഥവും പുതിയൊരു ലക്ഷ്യവും കണ്ടുപിടിക്കാൻ ശ്രമിച്ചു. ഇതായിരുന്നു മുപ്പതുകളിൽ ആവിർഭവിച്ച പുതിയ സാഹിത്യപ്രവണതകളുടെ പശ്ചാത്തലം.

അന്നത്തെ സാമൂഹ്യ രാഷ്ട്രീയ നേതാക്കന്മാർ ജനങ്ങൾക്ക് ആകർഷകമായ പല വാഗ്ദാനങ്ങളും നൽകി. വെളുത്തവരുടെ സ്ഥാനത്ത് കറുത്തവരുടെ ഭരണം സ്ഥാപിക്കലല്ല, മറിച്ച് മർദ്ദനവും ചൂഷണവുമില്ലാത്ത, ജാതിവർഗ്ഗവ്യത്യാസങ്ങളില്ലാത്ത, സമത്വപരമായ ഒരു പുതിയ സാമൂഹികവ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് തങ്ങളുടെ ലക്ഷ്യം എന്നവർ ഉറപ്പിച്ചു പറഞ്ഞു. പത്രപംക്തികളിലൂടേയും പ്രസംഗവേദികളിലൂടേയും അവർ സമഗ്രവ്യക്തിത്വത്തിനും സ്വതന്ത്രനായ പുതിയ മനുഷ്യന്റെ മനോഹരമായ ചിത്രം വരച്ചുകൊണ്ട് ജനങ്ങളുടെ മുമ്പിൽ അവർ മോഹനങ്ങളായ സ്വപ്നങ്ങളേയും ആശാപ്രതീക്ഷകളെയും കെട്ടഴിച്ചുവിട്ടു.

## 7 പുതിയ മാലിന്യങ്ങൾ

അങ്ങനെ കൊല്ലങ്ങൾ കഴിഞ്ഞു. 1947 വന്നു. ആഗസ്റ്റ് പതിനഞ്ചുവന്നു. പുതിയ ഭരണഘടനവന്നു. പിന്നേയും നീണ്ട മാസങ്ങളും കൊല്ലങ്ങളും കടന്നുപോയി. അമ്പതുകൾ മാറി അറുപതുകൾ ജനിച്ചു. ഒടുവിൽ എഴുപതുകൾ തലപൊക്കി.

പഴയ ഭരണത്തലവന്മാർ അപ്രത്യക്ഷരായി. അവരുടെ സ്ഥാനത്ത് പുതിയ ഭരണത്തലവന്മാർ പ്രത്യക്ഷപ്പെട്ടു. ഐ.സി.എസ്സ്.പോയി. ഐ.ഏ.എസ്സ് വന്നു. മുപ്പതുകളിലേയും നാൽപ്പതുകളിലേയും സാമൂഹ്യരാഷ്ട്രീയപ്രവർത്തകരിൽ പലരും കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും എം.പി.മാരായി, എം.എൽ.ഏ. മാരായി മുൻസിപ്പിൽ ചെയർമാൻമാരായി, പഞ്ചായത്ത് മെമ്പർമാരായി.

പക്ഷെ വാഗ്ദാനം ചെയ്യപ്പെട്ട പുതിയ സമൂഹമെവിടെ? പുതിയ സ്വാധീനവും അധികാരവുമുള്ള കമ്മിറ്റി അംഗങ്ങളായി ചെയർമാൻമാരായി. മറ്റ ചിലർ രാഷ്ട്രപതിമാരായി, ഗവർണർമാരായി, അംബാസിഡർമാരായി.

സാമൂഹിക-സാമ്പത്തിക മണ്ഡലങ്ങളിൽ പല മാറ്റങ്ങളും ഉണ്ടായി. അയിത്താചരണം നിരോധിക്കപ്പെട്ടു. ചെറിയതോതിലെങ്കിലും കാർഷികമേഖലയിലെ സാമൂഹ്യകബന്ധങ്ങൾക്ക് മാറ്റമുണ്ടായിട്ടുണ്ട്. ഭക്ഷ്യോല്പാദനവും തെഴിൽ സൗകര്യങ്ങളും വർദ്ധിച്ചിരിക്കുന്നു. കൂടുതൽ കോളേജുകളും, കൂടുതൽ ആശുപത്രികളും, കൂടുതൽ റോഡുകളും, കൂടുതൽ വൈദ്യുതവിളക്കുകളുമുണ്ടായിരിക്കുന്നു. അദ്ധ്യാപകന്മാരുടെയും ഗസ്റ്റഡ് നോൺഗസറ്റഡുമായ ഉദ്യോഗസ്ഥന്മാരുടെയും, എൻജിനീയർമാരുടേയും ഡോക്ടർമാരുടേയും എണ്ണം കൂടിയിട്ടുണ്ട്. അന്തരീക്ഷത്തിലേയ്ക്ക് പുക തുപ്പുന്ന പുതിയ പുതിയ വ്യവസായശാലകൾ ഉയർന്നുവന്നിട്ടുണ്ട്. ചെറിയ മുതലാളികൾ വലിയ മുതലാളികളായി. വലിയ മുതലാളികൾ കുറ്റൻ മുതലാളികളായി. കുറ്റൻ മുതലാളികൾ പടുകൂറ്റൻ മുതലാളികളായി. ലക്ഷപ്രഭുക്കളും കോടീശ്വരന്മാരുമായി.

പക്ഷേ, മുപ്പതുകളിലെ പ്രതീക്ഷകളും സ്വപ്നങ്ങളുമെന്തായി? പ്രതീക്ഷകളും സാദ്ധ്യതകളുമായി തട്ടിച്ചുനോക്കുമ്പോൾ യാഥാർത്ഥ്യം വളരെ അകന്നിരിക്കുന്നു. ആശകൾക്കും മോഹങ്ങൾക്കും ഭംഗം നേരിട്ടിരിക്കുന്നു. സ്വപ്നങ്ങൽ കരിഞ്ഞുകൊണ്ടിരിക്കുന്നു.

പഴയ ചൂഷണവ്യവസ്ഥയുടെ സ്ഥാനത്ത് പുതിയ ചൂഷണവ്യവസ്ഥ, പഴയ മാലിന്യങ്ങളുടെ സ്ഥാനത്ത് കൂടുതൽ ബീഭത്സങ്ങളായ പുതിയ മാലിന്യങ്ങൾ—അതേ, സോഷ്യലിസത്തെപ്പറ്റിയുള്ള പ്രസംഗധോരണികളുടെ മറവിൽ ഉച്ഛൃംഖലമായ മുതലാളിത്തവും അതിനെ താങ്ങിനിർത്തുന്ന സർവ്വശക്തമായ ബ്യൂറോക്രസിയുമാണ് പടർന്നു പന്തലിച്ചു കൊണ്ടിരിക്കുന്നത്.

# 8 അന്യഥാബോധം

വലിയ വലിയ വ്യവസായ ശാലകളിൽ പടുകൂറ്റൻ യന്ത്ര ങ്ങളുപയോഗിച്ചുകൊണ്ടു മനുഷ്യൻ സമൂഹത്തിനാവ ശ്യമായ വിഭവങ്ങൾ സൃഷ്ടിക്കുന്നു. പക്ഷേ, അവൻ ഉപ യോഗിക്കുന്ന യന്ത്രങ്ങൾ അവൻറേതല്ല. അവനുല്പാ ദിപ്പിക്കുന്ന വിഭവങ്ങളും അവൻറേതല്ല. അവൻ സൃ ഷ്ടിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങൾ അവന്റെ മേൽ ആധിപത്യം നടത്തുകയും അവനെ ഞെക്കിഞെ രിക്കുകയും ചെയ്യുന്നു. സ്രഷ്ടാവ് സൃഷ്ടിയെയല്ല സൃഷ്ടി സ്രഷ്ടാവിനെയാണ് നിയന്ത്രിക്കുന്നത്. ഇതാണ് അന്യ ഥാബോധത്തിന്റെ ഉറവിടം. മനുഷ്യൻ അവനുല്പാദിപ്പി ക്കുന്ന വിഭവങ്ങളിൽനിന്നും അവന്റെ വരുമാനത്തിൽ നിന്നും മറ്റു മനുഷ്യരിൽ ഒടുവിൽ തന്നിൽനിന്നുതന്നെ യും അന്യവൽക്കരിക്കപ്പെടുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം ചരക്കും ചരക്കും തമ്മിലുള്ള ബന്ധ മായി മാറിയിരിക്കുന്നു. മനുഷ്യന്റെ എല്ലാ സൃഷ്ടികളും മറ്റു ഉപഭോഗസാമഗ്രികൾ, ഉൽപ്പാദനോൽപ്പന്നങ്ങൾ, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സ്ഥാപനങ്ങൾ, വി ദ്യാഭ്യാസം, സാഹിത്യം എല്ലാം വില്പനച്ചരക്കുകളായി മാറുന്നു. മനുഷ്യന്റെ കായികവും ബൗദ്ധികവുമായ മൂല്യം കണക്കാക്കുന്നത് അവയ്ക്കു മാർക്കറ്റിൽ എന്തുവില കി ട്ടുന്നു എന്നു നോക്കിയിട്ടാണ്. മനുഷ്യനെ വെറുമൊരു വില്പനച്ചരക്കാക്കി മാറ്റി ചരക്കുകളുടെയെന്നപോലെ അതിന്റെയും വില തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാന ത്തിലാണ്. പണമാണ് മനുഷ്യനെ അളക്കാനുള്ള മാന ദണ്ഡം. ബാങ്ക് അക്കൗണ്ടിലെ റേറ്റ് വർദ്ധിക്കുന്തോറും മനുഷ്യൻ വലുതാവുന്നു. പണമുള്ളവർ മാനിക്കപ്പെടുന്നു. മന്ത്രിമാർ അവന്റെ മുമ്പിൽ തൊഴുതു നില്ക്കുന്നു. ഉദ്യോ ഗസ്ഥന്മാർ തന്റെ കാലക്കൽ മുട്ടുകുത്തുന്നു. അവർക്ക് വൃത്തികേടുകൾ ഭൂഷണങ്ങളാണ്.

## 9 അസ്വസ്ഥതയുടെ ആവിഷ്ക്കരണം

എന്തുവേണമെന്നല്ല, എന്തു നേടണമെന്നതാണ് ഓരോരുത്തൻറേയും ആലോചന. ഓരോ വ്യക്തിയും അവന്റെ സ്വന്തം നിലനില്പ്പിനുവേണ്ടി യുദ്ധം ചെയ്യുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ ചൂതാട്ടങ്ങളിൽ വിജയിക്കുന്നവർ ജീവിതത്തിൽ വിജശ്രീലാളിതരായിത്തീരുന്നു, ബുദ്ധിയും, പഠിപ്പും, പ്രതിഭയും ആത്മാർത്ഥതയുമുള്ള യുവാക്കന്മാർ തൊഴിലിനുവേണ്ടി തെണ്ടിത്തിരിയുമ്പോൾ ചുളുവിൽ മാന്യസ്ഥാനങ്ങളിൽ കയറിക്കൂടിയ അക്ഷരവിരോധികളും സ്വാർത്ഥമതികളുമായ മണ്ടന്മാർ രാഷ്ട്രത്തോടുള്ള കടമകളെപ്പറ്റിയും അച്ചടക്കബോധത്തിന്റെ ആവശ്യകതയെപ്പറ്റിയും ഓരിയിട്ടു നടക്കുന്നു. ഭാവുകത്വത്തിന്റെ കണികയെങ്കിലുമുള്ള യുവഹൃദയങ്ങളെ പ്രോകോപിപ്പിക്കുകയും ശുണ്ഠിപിടിപ്പിക്കുകയും ചെയ്യുന്നു.

ഒരു ഭാഗത്ത് പണവും പദവിയും നേടാനുള്ള വെമ്പൽ, അടങ്ങാത്ത ദുര, മോഹിപ്പിക്കുന്ന അധികാരഭ്രാന്തുകൾ, സ്വാർത്ഥം. അസൂയ, കപടനാട്യങ്ങൾ ബിഭത്സതകൾ. മറുഭാഗത്ത് നിരാശതകൾ, ദുഃഖങ്ങൾ, വേദനകൾ, അതോടൊപ്പം മാനുഷികബന്ധങ്ങളെപ്പറ്റിയുള്ള പുതിയ സ്വപ്നങ്ങളും പുതിയ മോഹങ്ങളും പുതിയ പ്രതീക്ഷകളും, പുതിയ എതിർപ്പുകളും പുതിയ കലാപങ്ങളും—സാർത്രിൻറേയും കമ്യൂവിൻറേയും കാഫ്ക്കയുടെയും മാത്രം ലോകമല്ല; എം.ടിയുടേയും, മാധവിക്കുട്ടിയുടേയും, കാക്കനാടൻറേയും വിജയന്റെയും, സി. രാധാകൃഷ്ണൻറേയും പത്മരാജന്റെയും മുകുന്ദന്റെയും ആനന്ദിന്റെയും കക്കനാടിൻറേയും അയ്യപ്പപ്പണിക്കരുടേയും കുഞ്ഞുണ്ണിയുടേയും സുഗതകുമാരിയുടേയും, വിഷ്ണുനാരായണൻറേയും മറ്റും നൂറുകണക്കിനുള്ള പുതിയ എഴുത്തുകാരുടേയും ലോകമാണ്; ഇന്നത്തെ ഇന്ത്യയുടേയും ഇന്നത്തെ കേരളത്തിൻറേയും യാഥാർത്ഥ്യങ്ങളാണ്.

പഴയ മൂല്യങ്ങൾ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്നു. അവയുടെ സ്ഥാനത്ത് പുതിയ മൂല്യങ്ങൾ ആവിർഭവിച്ചുകഴിഞ്ഞിട്ടുമില്ല. ഈ വിടവിൽ നിന്നാണ് ശൂന്യതാബോധവും നിസ്സാഹയാതാബോധവും അരാജകത്വവാസനകളും ഉയർന്നുവരുന്നത്. ഈ സാഹചര്യം യുവഹൃദയങ്ങളെ അസ്വസ്ഥമാക്കുന്നു. അസ്വസ്ഥതയുടെ സാഹിത്യമാണ് ആധുനികസാഹിത്യം.

## 10 അനുപേക്ഷണീയമായ സങ്കീർണ്ണത

വ്യക്തിപരങ്ങളായ ജീവിതാനുഭവങ്ങൾ വിഭിന്നങ്ങളായതുകൊണ്ട് യുവാക്കന്മാരായ ആധുനികസാഹിത്യകാരന്മാർ ഒരേ തരത്തിലല്ല സാഹിത്യസൃഷ്ടി നടത്തുന്നത്. ആത്മസംഘർഷത്തിന്റെ അനിയന്ത്രിതത്വം കാരണം ഒരാൾതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ വ്യത്യസ്തങ്ങളായ അനുഭൂതികളാവിഷ്കരിക്കുന്നു. ജീവിതത്തിന്റെ നിരർത്ഥകതയും മരണത്തിന്റെ ശാശ്വതത്വത്തേയും ഉദ്ഘോഷിക്കുന്നവർതന്നെ ചിലപ്പോൾ നിലവിൽവന്നുകഴിഞ്ഞിട്ടില്ലാത്തതിനു വേണ്ടി നിലനില്ക്കുന്നതിനെയെല്ലാം ചുട്ടുകരിക്കാനാഹ്വാനം ചെയ്യുന്നു. ചിലപ്പോൾ അമർഷവും വെറുപ്പും ശുണ്ഠിയും പ്രതിഷേധവും. മറ്റു ചിലപ്പോൾ അന്തരാത്മാവിന്റെ നിഗൂഢമായ ഇരുട്ടറയിലഭയം തേടലും വിധിക്കു കീഴടങ്ങലും. ഉദാഹരണത്തിന് “ഗ്രന്ഥക്കുമ്പാരങ്ങൾക്കുതീവെയ്ക്കുക; അഴുക്കുചാലുകളെ മ്യൂസിയങ്ങൾ മുക്കുന്ന പ്രളയങ്ങളാക്കി തിരിച്ചുവിടുക” എന്നു തുടങ്ങുന്ന ഇറ്റാലിയൻ ഫ്യൂച്ചറിസത്തിന്റെ മാനിഫെസ്റ്റോ അവർ പ്രചരിപ്പിക്കുന്നു; “യഥാർത്ഥമെന്നു തെറ്റിദ്ധരിക്കപ്പെട്ട അയഥാർത്ഥപ്രപഞ്ചത്തിൽനിന്ന് അയഥാർത്ഥമെന്ന് തെറ്റിദ്ധരിക്കപ്പെട്ട യഥാർത്ഥപ്രപഞ്ചത്തിലേയ്ക്ക്—ആത്മപ്രപഞ്ചത്തിലേയ്ക്ക്—കലാകാരൻ നടത്തിയ വേദനാപൂർണ്ണമായ ഒളിച്ചോട്ടങ്ങളും സമരങ്ങളും ആത്മഹത്യകളും നിറഞ്ഞ പ്രയാണത്തിന്റെ കഥയാണ് നവീനകലയുടെ ചരിത്രം.” എന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കുന്നു. അതേ സമയംതന്നെ “പുതുമയും ഓജസ്സുമുറ്റ ഒരു നവ്യാനുഭൂതിക്കായി ഒരിക്കൽക്കൂടി മനുഷ്യന്റെ സർഗ്ഗവാസനകളുടെ നിതാന്തപ്രചോദനങ്ങളായ ജീവിതത്തിലേയ്ക്കും പ്രകൃതിയിലേയ്ക്കും തിരിയാ” നുള്ള കെ.സി.എസ് പണിക്കരുടെ ആഹ്വാനത്തെ അവർ ഉയർത്തിപ്പിടിക്കുന്നു. കൂട്ടത്തിൽ സുപ്രസിദ്ധ മാർക്സിസ്റ്റ് ചിന്തകനായ ലൂക്കാക്സ് ആധുനിക നാടകങ്ങളെപ്പറ്റി നടത്തിയ പഠനങ്ങളിൽനിന്നുള്ള ഈ വരികളും:

> “ആധുനികനാടകത്തിലെ പാത്രസ്വഭാവങ്ങൾ മുമ്പെന്നത്തേതിനേക്കാളുമേറെ സങ്കീർണ്ണമാണ്; സൂക്ഷ്മമായ ഇഴകൾ ഒന്നിച്ചു നീങ്ങുകയും തമ്മിൽതമ്മിലും ബാഹ്യലോകവുമായി കെട്ടുപിണയുകയും ചെയ്യുന്നു… മനുഷ്യനിൽനിന്ന് ചുറ്റുപാടുകളിലേയ്ക്ക് ചുറ്റുപാടുകളിൽനിന്ന് മനുഷ്യനിലേയ്ക്ക് അത്രമേൽ പ്രവാഹങ്ങൾ നടക്കുന്നു… ഇന്നത്തെ നായകന് മുമ്പത്തേക്കാൾ വളരെയേറെ ബാഹ്യഘടകങ്ങളെ നേരിടേണ്ടിവരുന്നുണ്ട്; മാത്രമല്ല, അവന്റെ പ്രവൃത്തികൾ അവനുതന്നെ അന്യമായി, അവനെതിരായിത്തീരുന്നു: അതിനാൽ അവന്റെ സമരം ഉദ്വിഗ്നതയിലേയ്ക്കുയരുന്നു. അവന് സമരം ചെയ്യാതെ വയ്യ; അപ്രതിരോധ്യമായ എന്തോ ഒന്ന് അവനെ അതിലേയ്ക്ക് ആനയിക്കുന്നു; അവന് ചെറുത്തുനിൽക്കാനാഗ്രഹമുണ്ടോ എന്നുപോലും അവന് തീരുമാനിയ്ക്കാനാവുന്നില്ല.”
>
> — (ജ്വാല, മാർച്ച് 1971)

# 11 പഴയസങ്കൽപ്പങ്ങൾ വഴിമാറട്ടെ

ആധുനിക യുവസാഹിത്യകാരന്മാരുടെ എല്ലാ കൃതികളേയും എല്ലാവരും ഒരുപോലെ ഇഷ്ടപ്പെട്ടുകൊള്ളണമെന്നോ അവരെ ആരും വിമർശിക്കാൻ പാടില്ലെന്നോ ഇവിടെ വിവക്ഷയില്ല. പഴയ സാഹിത്യകാരന്മാരെപ്പോലെതന്നെ ആധുനിക സാഹിത്യകാരന്മാരും നിരൂപകന്മാരുടെ വിമർശനങ്ങൾക്ക് വിധേയരാണ്. പക്ഷേ, ഒന്നുണ്ട്: മുപ്പതുകളുടെ മുൻവിധികളോടുകൂടിയ മാനദണ്ഡങ്ങൾക്കൊണ്ട് അറുപതുകളെ അളന്നു നോക്കാൻ മിനക്കെടരുത്. ഭൂതകാലം ഭാവിയുടെ മെക്കിട്ടുകയറരുത്. ആധുനികസാഹിത്യത്തെ വിലയിരുത്താൻ ആധുനികമായ മാനദണ്ഡം വേണം.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7